**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1034** **18-09-2025 - ൽ മറുപടിയ്ക്ക്**

**സോളാർ ഫെൻസിംഗ് സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വന്യജീവികളുടെ കാടിറക്കം തടയുന്നതിന് സ്ഥാപിച്ചിട്ടുള്ള സോളാർ ഫെൻസിംഗ് സംവിധാനം നിരന്തരം തകരാറിലാക്കുന്നത് തടയാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് മിഷൻ സോളാർ ഫെൻസിങ് എന്ന പദ്ധതി വനം വകുപ്പ് പൊതുജനങ്ങളുടെ പങ്കാളിത്തത്തോടെ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. വന്യജീവികളുടെ കാടിറക്കം തടയുന്നതിനായി നിലവിൽ വനാതിർത്തികളിൽ സ്ഥാപിച്ചിട്ടുള്ള സൗരോർജ്ജവേലികളുടെ സമയാസമയങ്ങളിലുള്ള അറ്റകുറ്റപ്പണികൾ ഉറപ്പ് വരുത്തുന്നതിന് സംസ്ഥാനത്തെ വനം വകുപ്പിലെ എല്ലാ ഫീൽഡ് വിഭാഗം ജീവനക്കാർക്കും ഫെൻസിങ് നിർമ്മാണം, അറ്റകുറ്റപ്പണികൾ എന്നിവയിൽ പ്രായോഗിക പരിശീലനം നൽകിവരുന്നു. കൂടാതെ ഫെൻസിങ് അറ്റകുറ്റപ്പണികൾക്കാവശ്യമായ ഉപകരണങ്ങൾ എല്ലാ വനം സ്റ്റേഷനുകളിലും ലഭ്യമാക്കുന്നതിനായി ടൂൾ റൂം സ്ഥാപിക്കുന്നതിന്റെ ആദ്യഘട്ടം പൂർത്തീകരിച്ചിട്ടുണ്ട്. ഫെൻസിങ് ഉപകരണങ്ങളുടെ കേടുപാടുകൾ പരിഹരിക്കുന്നതിന് വനം വകുപ്പിന്റെ നേതൃത്വത്തിൽ സോളാർ ഫെൻസിങ് സർവ്വീസ് സെന്റർ സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. എല്ലാ സൗരോർജ്ജവേലികളും സ്മാർട്ട് ഫെൻസിങ് ആക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിലുള്ള ഫെൻസിങ് സംവിധാനം തകരാറിലാക്കുന്ന ചെറുസസ്യങ്ങൾ, വള്ളിപ്പടർപ്പുകൾ എന്നിവ യഥാസമയം വനസംരക്ഷണ സമിതികൾ മുഖേന നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിച്ച് വരുന്നു. കൂടാതെ സോളാർ ഫെൻസിങ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെന്ന് ജീവനക്കാർ പ്രതിദിന നിരീക്ഷണം നടത്തി ഉറപ്പുവരുത്തുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | അരുവിക്കര മണ്ഡലത്തിൽ ഉൾപ്പെടുന്ന വനപ്രദേശങ്ങളിൽ നിന്നും എത്ര കിലോമീറ്റർ ദൂരത്തിലാണ് സോളാർ ഫെൻസിംഗ് സ്ഥാപിച്ചിട്ടുള്ളതെന്നും ഇനി പുതിയതായി സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലങ്ങൾ ഏതെല്ലാമെന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കാമോ? | (ബി) | അരുവിക്കര മണ്ഡലത്തിൽ ഉൾപ്പെടുന്ന തിരുവനന്ത-പുരം വന്യജീവി ഡിവിഷനിലെ കോട്ടൂർ എ.ബി.പി. റെയിഞ്ചിന്റെ പരിധിയിൽ 19.65 കിലോമീറ്ററും പേപ്പാറ വന്യജീവി സങ്കേതത്തിൽ 14.68 കിലോമീ-റ്ററും നെയ്യാർ വന്യജീവി സങ്കേതത്തിൽ 7.765 കിലോമീറ്ററും തിരുവനന്തപുരം ഡിവിഷന്റെ കീഴിൽ പരുത്തിപ്പള്ളി റെയിഞ്ചിന്റെ പരിധിയിൽ 28.55 കിലോമീറ്ററും സൗരോർജ്ജവേലി നിലവിൽ നിർമ്മി-ച്ചിട്ടുണ്ട്. മിഷൻ സോളാർ ഫെൻസിംഗ് പരിപാടിയി-ലൂടെ ആയതിൽ പ്രവർത്തനരഹിതമായവ അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കുന്ന-തിനുള്ള നടപടികൾ പുരോഗമിക്കുന്നു.<br>അരുവിക്കര മണ്ഡലത്തിൽ എ.ബി.പി റെയിഞ്ചിന്റെ കീഴിലെ അരിയാവിള മുതൽ കൈതോട് വരെ മൂന്ന് കിലോമീറ്റർ ദൂരവും പേപ്പാറ വന്യജീവി സങ്കേതത്തിലെ പൊടിയം, മുക്കോത്തിവയൽ, പാറ്റാംപാറ, എറ്റുമ്പിയാട്, ആമോട്, പൊടിയക്കാല തുടങ്ങിയ പ്രദേശങ്ങളിലെ 30 കിലോമീറ്റർ ദൂരവും നെയ്യാർ വന്യജീവി സങ്കേതത്തിലെ കോട്ടൂർ സെക്ഷന് കീഴിലെ 4.5 കിലോമീറ്റർ ദൂരവും പുതിയതായി സൗരോർജ്ജ-വേലി നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. എ.ബി.പി സർക്കിളിനുകീഴിലെ വിതുര, ആര്യനാട്, പാലോട് എന്നീ സെക്ഷനുകളുടെ പരിധിയിൽ വരുന്ന പ്രദേശ-ങ്ങളിൽ 14 കിലോമീറ്റർ ദൂരവും സോളാർ ഫെൻസിങ് പുതുതായി നിർമ്മിക്കാനുള്ള നടപടി സ്വീകരിച്ചുവ-രുന്നുണ്ട്. |

സെക്ഷൻ ഓഫീസർ